# തലകറക്കം ഉണ്ടാക്കുന്ന തബ്ലീഗ് കഥകൾ

**മായിൻകുട്ടി സുല്ലമി**

ഖുറാഫാത്തിൽ ബറേൽവികളും സമസ്തക്കാരും തബ്ലീഗുകാരുടെ പിന്നിൽ നിൽക്കേണ്ടിവരും. 'പൂവൻപഴം കൊണ്ട് കഴുത്തറക്കുക' എന്നൊരു ചൊല്ലുണ്ട്. അതാണ് തബ്ലീഗ് കഥകൾ ഓർമിപ്പിക്കുന്നത്. പഞ്ചതന്ത്ര കഥകളും ആയിരത്തൊന്ന് രാവുകളും തബ്ലീഗ് കഥകളും തമ്മിലുള്ള വേർതിരിവ് എന്താണ്? ഏറ്റവും പുതുമയുള്ള ഖബർ കഥകളും ഹരം പകരുന്ന സ്വപ്ന കഥകളും ആവിഷ്കരിക്കുന്നതിൽ തബ്ലീഗുകാർ തന്നെയാണ് മുന്നിൽ. ഇവിടെ ബറേൽവി - തബ്ലീഗ് - സൂഫീ കൂട്ടുകെട്ട് പ്രകടമാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിൽ പ്രവാചകനെ അപമാനിക്കുന്ന ഭീകര കഥകൾ മാത്രമല്ല, പടച്ചതമ്പുരാനെയും അവർ വെറുതെ വിടുന്നില്ല. തീക്കൊള്ളി കൊണ്ട് തല ചൊറിയുന്ന കഥകൾ. കഥകൾക്ക് മുമ്പ് ഏതാനും ആയത്തുകളുടെ സാരം ഇവിടെ കുറിക്കാം. അപ്പോൾ വിഷയത്തിൻെറ ഗൗറവം മനസിലാവും. "അപ്പോൾ അല്ലാഹുവിൻെറ പേരിൽ കള്ളം പറയുകയും, സത്യം തനിക്ക് വന്നെത്തിയപ്പോൾ അതിനെ നിഷേധിച്ചു തള്ളുകയും ചെയ്തവനേക്കാൾ കടുത്ത അക്രമി ആരുണ്ട്? നരകത്തിലല്ലയോ സത്യനിഷേധികൾക്കുള്ള പാർപ്പിടം?" (39/32)

വീണ്ടും നോക്കൂ: "അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ തനിക്ക് യാതൊരു ബോധനവും നൽകപ്പെടാതെ, എനിക്ക് ബോധനം ലഭിച്ചിരിക്കുന്നു എന്ന് പറയുകയോ ചെയ്തവനേക്കാളും അല്ലാഹു അവതരിപ്പിച്ചതുപോലെയുള്ളത് ഞാനും അവതരിപ്പിക്കാമെന്ന് പറഞ്ഞവനേക്കാളും വലിയ അക്രമി ആരുണ്ട്?" (6/93). "അപ്പോൾ. അല്ലാഹുവിൻെറ പേരിൽ കള്ളം കെട്ടിച്ചമക്കുകയോ അവൻെറ തെളിവുകളെ കെട്ടിച്ചമക്കുകയോ, അവൻെറ തെളിവുകളെ, നിഷേധിച്ചു തള്ളുകയോ ചെയ്തവനേക്കാൾ കടുത്ത അക്രമി ആരുണ്ട്?" (7/37). ഇത്തരം അനവധി ആയത്തുകൾ നമുക്ക് കാണാം. എന്നിട്ടും അവർ അല്ലാഹുവിൻെറ പേരിൽ കഥയുണ്ടാക്കി.

അല്ലാഹുവിൻെറ കത്ത്: ദുന്നൂനുൽ മിസ്രി എന്ന കടുത്ത സൂഫിയാണ് കഥ പറയുന്നത്. "ഞാൻ കഅബാഷരീഫിനടുത്ത് ഒരു യുവാവ് തുടരെ തുടരെ റുകൂഉം സുജൂദും ചെയ്തുകൊണ്ടിരിക്കുന്നതായി കണ്ടു. നിങ്ങൾ വളരെ കൂടുതൽ നമസ്കരിച്ചുകൊണ്ടിരിക്കുന്നല്ലോ, എന്ന് ഞാൻ അയാളോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: നാട്ടിലേക്ക് മടങ്ങിപ്പോകാനുള്ള അനുവാദം ചോദിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ മുകളിൽനിന്നും ഒരു കടലാസിൻെറ കുറിപ്പ് അവിടെ വീണതായി ഞാൻ കണ്ടു. അതിൽ ഇപ്രകാരം എഴുതിയിരുന്നു. ഇത് വലിയ പ്രതാപവാനും മാപ്പ് ചെയ്യുന്നവനുമായ

അല്ലാഹുവിൻെറ പക്കൽനിന്നും തൻെറ നന്ദിയുള്ള ദാസന്, നിൻെറ മുൻകഴിഞ്ഞതും വരാനിരിക്കുന്നതുമായ മുഴുവൻ പാപങ്ങളും പൊറുക്കപ്പെട്ടവനായി നീ മടങ്ങിപ്പോയ്ക്കൊൾക.'' (ഹജ്ജിൻെറ മഹത്വങ്ങൾ - ഹാജിമാരുടെ സംഭവങ്ങൾ 15) ഇതിൽ സ്വപ്നം പറയുന്നില്ല. അപ്പോൾ ഉണർച്ചയിൽ തന്നെ. സൂഫികൾ ഛർദ്ദിക്കുന്നു. തബ്ലീഗുകാർ ആവേശപൂർവം വിളമ്പുകയും ചെയ്യുന്നു. ആരുടെ പേരിൽ? ആലോചിക്കണം. ഇവർക്ക് എന്തിനും ധൈര്യമാണ്.

## അല്ലാഹുവുമായി ഹസ്തദാനം

ഫനാവഴി അല്ലാഹുവിൻെറ വിലയം പ്രാപിക്കാൻ കഴിയുമെന്ന് അവകാശപ്പെടുന്നവരാണ് സൂഫികൾ. അവർക്ക് അവനുമായി ഹസ്തദാനത്തിന് ഞെരുക്കമില്ലല്ലോ. ''ഹജറുൽ അസ്വദു അല്ലാഹുവിൻെറ അനുഗ്രഹമായ കൈയ്യാണെന്ന് ഹദീഥിൽ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ അതിനെ ചുംബിക്കുന്നത് ഔദാര്യവാനും യജമാനനുമായ അല്ലാഹുവിൻെറ അനുഗ്രഹീതമായ കൈയ്യ് ചുംബിക്കുംപോലെയാണ്.'' ഹജ്ജിൻെറ മഹത്വങ്ങൾ. പേ. 84. അല്ലാഹുവിൽ നിന്ന് കത്ത് കിട്ടുക, അവനുമായി ഹസ്തദാനവും. അനുമാനങ്ങൾ അവലംബമാക്കി ആവിഷ്കരിക്കുന്ന കഥകൾ. ഏതായാലും ഇത്തരം കഥകൾ സമ്തക്കാരിൽ നിന്നും കേൾക്കാറില്ല.

## ഒരു കത്തും മറുപടിയും

''ജഅ്ഫറിബ്നു സുലൈമാൻ കഥ പറയുന്നു: അദ്ദേഹം മാലിക്ബ്നു ദീനാറിൻെറ കൂടെ ബസ്വറയിൽ യാത്ര ചെയ്യുകയാണ്. ഒരിടത്ത് ഒരാൾ ഒരു വലിയ മാളിക നിർമിച്ചുകൊണ്ടിരിക്കുന്നു. ഉടമ പണിക്കാർക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അദ്ദേഹം ചെറുപ്പക്കാരനും സുന്ദരനുമാണ്. മാലിക്ബ്നു ദീനാറിന് ഒരു മോഹം. ഇദ്ദേഹം ദുനിയാവിൻെറ കെണിയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗത്തിലെ യുവാക്കളിൽ ഒരാളാവണം. ജഅ്ഫറിനെയും കൂട്ടി മാലിക്ബ്നുദീനാർ നിർമാണം നടക്കുന്ന സ്ഥലത്ത് എത്തി. സലാം പറഞ്ഞു. സംസാരം തുടങ്ങി. ഒരുലക്ഷം ദിർഹം ചെലവ് വരുന്ന വീടാണ് ചെറുപ്പക്കാരൻെറ നിയ്യത്ത്. അപ്പോൾ മാലിക് പറഞ്ഞു: ''നിങ്ങൾ ഒരു ലക്ഷം ദിർഹം എനിക്ക് തരികയാണെങ്കിൽ ഞാൻ നിങ്ങൾക്കുവേണ്ടി സ്വർഗത്തിൽ ഇതിനേക്കാൾ അനേകമിരട്ടി വലിപ്പമുള്ള ഒരു മാളിക തരാമെന്ന് ഉത്തരവാദിത്വമേൽക്കാം. അതിൽ നിങ്ങൾക്ക് ഖിദ്മത്ത് ചെയ്യുന്നതിനുള്ള അനേകം ജോലിക്കാരുമുണ്ടായിരിക്കും. അതിൽ ചെമന്ന മാണിക്കം കൊണ്ട് നിർമിക്കപ്പെട്ട ഖുബ്ബകളുണ്ടായിരിക്കും. അതിൽ മുത്തുകളും രത്നങ്ങളും പതിച്ചിരിക്കും. അവിടത്തെ മണ്ണ് കുങ്കുമമാണ്. അവിടത്തെ ചാന്ത് കസ്തൂരി കൊണ്ടുണ്ടാക്കപ്പെട്ടതായിരിക്കും. അവിടെ സുഗന്ധം അടിച്ചുവീശിക്കൊണ്ടേയിരിക്കും. അവകളൊന്നും പഴകിപ്പോവുകയോ പൊട്ടിപ്പോവുകയോ ഇല്ല''...... യുവാവ് ഇതെല്ലാം കേട്ടു. ആലോചിക്കുവാൻ സമയം ചോദിച്ചു. നാളെ വരണം. അഭിപ്രായം നാളെ പറയാം. ചെറുപ്പക്കാരൻ ദീർഘമായി ആലോചിച്ചു. പ്രാർത്ഥനയിൽ മുഴുകി. പിറ്റേന്ന് രണ്ടുപേരും സ്ഥലത്ത് എത്തി. കാര്യങ്ങൾ തിരക്കി.

മാലിക് അവർകളെ കണ്ടയുടനെ തന്നെ അയാൾ വലിയ സന്തോഷം പ്രകടിപ്പിച്ചു. മാലിക് അവർകൾ ഇന്നത്തെ കാര്യത്തിന് നിങ്ങൾ എന്ത് തീരുമാനമെടുത്തു എന്ന് ചോദിച്ചപ്പോൾ ആ യുവാവ് താകൾ ഇന്നലെ വാഗ്ദാനം ചെയ്ത കാര്യങ്ങളെല്ലാം പൂർത്തീകരിക്കുമോ? എന്ന് ചോദിച്ചു. തീർച്ചയായും പൂർത്തീകരിച്ചുതരുന്നതാണ് എന്ന് മാലിക് അവർകൾ പറഞ്ഞപ്പോൾ ആ യുവാവ് ദിർഹം നിറച്ച പണസഞ്ചി അദ്ദേഹത്തിൻെറ മുന്നിൽ കൊണ്ടുവന്ന് വച്ചു. അതിൻെറ കൂട്ടത്തിൽ ഒരു പേനയും മഷിക്കുപ്പിയും കൊണ്ടുവച്ചു. മാലിക് അവർകൾ ഇപ്രകാരം ഒരു എഴുത്ത് എഴുതി. ബിസ്മില്ലാഹി റഹ്മാനി റഹീം. ഇത് മാലിക്ബ്നുദീനാർ ഇന്ന മനുഷ്യന് അയാളുടെ മാളികയ്ക്ക് പകരം അല്ലാഹുവിൻെറ സന്നിധിൽ ഇന്ന ഇന്ന വിശേഷണങ്ങളെല്ലാമുള്ള മാളിക കിട്ടുമെന്ന് ചെയ്തിരുന്ന വാഗ്ദാനമനുസരിച്ചുള്ള കരാർ പത്രമാണ്. മേൽപറയപ്പെട്ട വിശേഷണങ്ങളെല്ലാം ആ എഴുത്തിലും എഴുതിയശേഷം, അത് കിട്ടുക തന്നെ ചെയ്യും, കൂടാതെ അതിനേക്കാൾ അനേകം ഇരട്ടിയും വളരെ ഉയർന്ന തണലിൽ അല്ലാഹുവിൻെറ സാമീപ്യവും കിട്ടും എന്നും എഴുതിയിരുന്നു. ഈ എഴുത്ത് എഴുതി അയാളുടെ കയ്യിൽ തന്നെ കൊടുത്തശേഷം ഒരു ലക്ഷം ദിർഹം അയാളിൽ നിന്നും വാങ്ങിച്ച് മടങ്ങിവന്നു.

ഈ സംഭവത്തിനുശേഷം നാൽപത് ദിവസം കഴിയുന്നതിന് മുമ്പ് ഒരു ദിവസം മാലിക് സുബ്ഹി നമസ്കാരം കഴിഞ്ഞിരിക്കുമ്പോൾ മിഹ്റാബിൽ ഒരു എഴുത്ത് കിടക്കുന്നതായി കണ്ടു. അത് മാലിക് അവർകൾ ആ യുവാവിന് എഴുതിക്കൊടുത്ത അതേ എഴുത്ത് തന്നെയായിരുന്നു. അതിൻെറ പുറത്ത് മഷിയില്ലാതെ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ഇത് അല്ലാഹുവിൻെറ ഭാഗത്തുനിന്നും മാലിക്കിബ്നു ദീനാറിനെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുന്ന പത്രമാണ്. നിങ്ങൾ ആ യുവാവിന് ഏതൊരു വീട് കൊടുക്കാമെന്നാണോ ഏറ്റത് അത് നാം പൂർണമായി കൊടുത്തു. പിന്നെ അതിൻെറ എഴുപതിരട്ടി കൂടുതലായും കൊടുത്തു.

കഥ തുടരുന്നു. മാലിക്കും കൂട്ടരും ആ യുവാവിൻെറ വീട്ടിൽ പോയി. 'ഞങ്ങൾ അന്വേഷിച്ചപ്പോൾ കഴിഞ്ഞ ദിവസം ആ യുവാവ് മരണപ്പെട്ടുപോയി എന്നറിയാൻ കഴിഞ്ഞു. ഞങ്ങൾ അദ്ദേഹത്തെ മയ്യിത്ത് കുളിപ്പിച്ചത് ആരാണ്? എന്ന് ചോദിച്ചപ്പോൾ- അദ്ദേഹത്തെ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും ചെയ്തത് എങ്ങിനെയായിരുന്നു? എന്ന് ചോദിച്ചപ്പോൾ- അദ്ദേഹം പറഞ്ഞു: അദ്ദേഹം മരിക്കുന്നതിന് മുമ്പ് ഒരു എഴുത്ത് എൻെറ കൈയ്യിൽ തരികയും നീ എന്നെ കുളിപ്പിച്ച് കഫൻ ചെയ്തുകഴിഞ്ഞാൽ ഈ എഴുത്ത് അതിൽ വെച്ചേക്കണം എന്ന് പറയുകയും ചെയ്തു. അങ്ങനെ ഞാൻ അദ്ദേഹത്തെ കുളിപ്പിച്ച് കഫൻ ചെയ്യുകയും ആ എഴുത്ത് അദ്ദേഹത്തിൻെറ കഫനിൻെറയും ശരീരത്തിൻെറയും ഇടയിൽ വയ്ക്കുകയും ചെയ്തു.

മാലിക് ആ എഴുത്ത് വെളിയിൽ എടുത്ത് അയാളെ കാണിച്ചു. ഉടനെ അയാൾ പറഞ്ഞു: ഇത് ആ എഴുത്ത് തന്നെയാണ്. അയാളെ മരിപ്പിച്ച അല്ലാഹുവിൽ സത്യമായി ഈ എഴുത്ത് ഞാൻ തന്നെയാണ് അദ്ദേഹത്തിൻെറ കഫനിൻെറ അകത്ത് വച്ചിരുന്നത്." (സ്വദഖഃയുടെ മഹത്വങ്ങൾ പേ. 908-910) സാക്ഷാൽ അമ്പിയാക്കൾപോലും ഇത്തരം പണി

ചെയ്തിട്ടില്ല. തബ്ലീഗ് സൂഫികൾ അതും തുടങ്ങി. അമ്പിയാക്കൾ തങ്ങൾക്ക് ലഭിക്കുന്ന വഹ്യ് പ്രകാരം കാര്യങ്ങൾ വിശദീകരിച്ചു. അത്രമാത്രം. അല്ലാഹു നബി(സ)യോട് പറയാനായി ആവശ്യപ്പെടുന്നു. "(നബിയേ) പറയുക എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ, ഉപദ്രവമോ, വരുത്തൽ എന്റെ അധീനതയിൽപെട്ടതല്ല" (7/188). മാലിക്, സ്വർഗത്തിന്റെ ശീട്ട് എഴുതി ഒപ്പിട്ടുകൊടുക്കുകയാണ്. ചില്ലറ ധൈര്യം പോരാ. പണം വാങ്ങി. സ്വർഗം പകരം: സ്വർഗത്തിൽ ഉണ്ടാവുന്നതും ഗ്യാരണ്ടി. അത് ശരിവെച്ച് കൊണ്ട് അല്ലാഹുവിന്റെ മറുപടിയും! ഗ്യാരണ്ടിയിലുള്ളതും കൊടുത്തു. പുറമെ എമ്പാടും കൊടുത്തു.!!!

ശൈഖ് രിഫാഇ മുമ്പൊരു പണി ചെയ്തിട്ടുണ്ട്. മാതാവിന്റെ ഗർഭാശയത്തിൽ വച്ച് തന്നെ സ്വർഗം കിട്ടാൻ വാശിപിടിച്ചു. 'സ്വർഗം എനിക്കും എൻബയ്യാൽ തുടർന്നോർക്കും, സുഖത്തോടെ തന്നാൽ ഇറങ്ങാം ഞാനെന്നോവർ.' നാല് സ്വർഗം കിട്ടി. പ്രസവവും നടന്നു. ഇവ പിന്നീട് ഒരു ഇസ്മായിലിന്റെ ഭൗതിക തോട്ടത്തിന് വിറ്റു. അതിന്റെ ഓർഡർ കോപ്പി മുകളിൽനിന്ന് വരികയും ചെയ്തുപോൽ.

മഅ്വ അദ്നിന്നും ഫിർദൗസ് ഖുൽദിന്നും
മറുക്കത്ത് അവർക്കന്ന് ഖുദ്റത്താൽ വന്നോവർ
മാനിതം ഖത്ത് ഖബറിൻ പുറത്തീന്ന്
മക്കളൾ എടുത്ത് വലി കൈയ്യിൽ കൊടുത്തോവർ
നോക്കി അവർ മക്കൾ നാലർക്കും ഒത്തിട്ട്
നിർണയം കത്ത് നാലാക്കി കൊടുത്തോവർ.

തൊപ്പി വച്ച ഖുറാഫാത്താണ് തബ്ലീഗ് ജമാഅത്ത്. ഇവരും ആറിന്റെ പകുതി മൂന്ന് തന്നെ. തങ്ങളുടെ ജമാഅത്തും ടൂറും അല്ലാഹുവും അവന്റെ റസൂലും അംഗീകരിച്ചതാണെന്നാണ് അവരുടെ വയ്പ്. അതിന് കുറെ കത്തുകളും കഥകളും. അത്ര തന്നെ.